# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3789 | 15.03.2017 - ൽ മറുപടിയ്ക്ക് |
|---|---|

### മൊബൈൽ ചാർജറിന് പ്രത്യേകം നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് വിപണനം നടത്തുന്ന മൊബൈൽ ഫോൺ പാക്കറ്റിൽ ഉപഭോക്താക്കൾക്ക് ലഭിക്കുന്ന മൊബൈൽ ചാർജ്ജറിന് പ്രത്യേകം നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ; ഈയിനത്തിൽ നികുതി പിരിവ് നടത്തുന്നുണ്ടോ എന്നും വ്യക്തമാക്കുമോ; | (എ) & (ബി) | കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൻ കീഴിൽ മൊബൈൽ ഫോണുകൾക്ക് 5 ശതമാനവും ചാർജറുകൾക്ക് 14.5 ശതമാനവും നിരക്കിലാണ് നികുതി ഏർപ്പെടുത്തി വന്നിരുന്നത്. സ്റ്റേറ്റ് ഓഫ് പഞ്ചാബ് Vs നോക്കിയ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് കേസിൽ മൊബൈൽ ഫോൺ ചാർജർ മൊബൈൽ ഫോണിന്റെ ഭാഗമല്ലെന്നും പ്രത്യേത accessory മാത്രമാണെന്നും ബഹു. സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. ഇതേത്തുടർന്ന്, മൊബൈൽ ഫോണിനോടൊപ്പം വില്ക്കുന്ന ചാർജറുകൾക്ക് ഉയർന്ന നിരക്കിൽ നികുതി നൽകണമെന്ന് ആവശ്യപ്പെട്ട് വ്യാപാരികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ഈ വിധി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സംസ്ഥാന സർക്കാർ മൊബൈൽ ഫോണിനോടൊപ്പം വില്ക്കപ്പെടുന്ന സീൽ ചെയ്ത കവറിലുള്ള മൊബൈൽ ഫോൺ ചാർജറിന്റെ നികുതി നിരക്ക് 01.04.2005 മുതൽ 5 ശതമാനമായി എസ്.ആർ.ഒ 46/2016 പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. കേരള ധനകാര്യ ബിൽ 2016 (13-ാം കേരള |
| (ബി) | ഇത് സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോ; മുൻകാലങ്ങളിൽ വിൽപ്പന നടത്തിയ മൊബൈൽ ഫോൺ ചാർജ്ജറുകൾക്ക് നികുതി നൽകണമെന്ന് ആവശ്യപ്പെട്ട് വ്യാപാരികൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | നിയമസഭയുടെ ബിൽ നം. 396, 14-ാം കേരള നിയമസഭയുടെ ബിൽ നം.16) ലും ഈ ഭേദഗതി ഉൾപ്പെടുത്തുകയുണ്ടായി. എന്നാൽ, ധനകാര്യ നിയമം 2016 പാസ്സാക്കിയപ്പോൾ മൊബൈൽ ഫോണിനോടൊപ്പം വിൽക്കപ്പെടുന്ന സീൽ ചെയ്ത കവറിലുള്ള മൊബൈൽ ഫോൺ ചാർജറിന്മേൽ ചുമത്തിയിരിക്കുന്ന 5 ശതമാനം നിരക്ക് പിൻവലിച്ചു. ഇതേ തുടർന്ന് ഇവയുടെ നിരക്ക് പഴയതു പോലെ 14.5 ശതമാനമായിട്ടുണ്ട്. |
| (സി) | ഒരേ പാക്കറ്റിൽ അടക്കം ചെയ്ത് വിൽപ്പന നടത്തുന്ന സാധനങ്ങൾക്ക് പരമാവധി വിൽപ്പന വിലയും നികുതിയും നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ഇനത്തിലുള്ള അധിക നികുതി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**